**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3682** 15.05.2017- ൽ മറുപടിക്ക്

## 2016-17 ബജറ്റിലെ പയ്യന്നൂർ മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി. കൃഷ്ണൻ** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) 2016-17 വർഷത്തെ ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ള പയ്യന്നൂർ മണ്ഡലത്തിലെ ഏതെല്ലാം റോഡ് പ്രവൃത്തികൾക്കാണ് സാങ്കേതികാനുമതി ലഭ്യമായിട്ടുള്ളത്;<br>(ബി) സാങ്കേതികാനുമതി ലഭ്യമാകാത്ത പ്രവൃത്തികൾ ഏതെല്ലാം; | (എ) യും (ബി) യും 2016-17 വർഷത്തെ ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികളുടെ സാങ്കേതികാനുമതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) സാങ്കേതികാനുമതി ലഭ്യമാകാൻ വൈകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;<br>(ഡി) 2016-17 വർഷ ബഡ്ജറ്റിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് എന്ന് സാങ്കേതികാനുമതി ലഭ്യമാകും എന്ന് വിശദമാക്കുമോ? | (സി) യും (ഡി) യും 01.04.2017 മുതൽ പുതുക്കിയ നിരക്ക് നിലവിൽ വന്നതിനാൽ സമർപ്പിച്ചിരുന്ന എസ്റ്റിമേറ്റുകൾ പുതിയ നിരക്കനുസരിച്ച് പുതുക്കേണ്ടതിനാൽ കാലതാമസം നേരിട്ടിട്ടുണ്ട്. എസ്റ്റിമേറ്റുകൾ കുറവുകൾ പരിഹരിച്ച് പുതുക്കി സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ സാങ്കേതികാനുമതി നൽകുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | പ്രവൃത്തി | ഭരണാനുമതി ഉത്തരവ് | തുക (ലക്ഷത്തിൽ) | പ്രൈസ് ഐ.ഡി |
|---|---|---|---|---|
| 1 | അരവഞ്ചാൽ-പുറക്കുന്ന് മാതമംഗലം റോഡ് കി.മി 0/000 മുതൽ 4/500 വരെ അഭിവൃദ്ധിപ്പെടുത്തൽ | ജി.ഒ.എം.എസ് 18/2017/PWD /തീയതി 16.03.2017 | 234 | 2017/617 സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെൻഡർ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. |
| 2. | രാമന്തളി-ചൂളക്കടവ് പോസ്റ്റോഫീസ് റോഡ് കി.മി. 0/000 മുതൽ 3/870 | ജി.ഒ.എം.എസ് 18/2017/PWD /തീയതി 16.03.2017 | 234 | 2016/624 കുറവു പരിഹരിച്ച്എസ്റ്റിമേറ്റ് പുനർ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 3 | പാടിയോട്ടുച്ചാൽ ഓടമുട്ട് റോഡ് കി.മി. 0/000 മുതൽ 7/400 വരെ. | ജി.ഒ.എം.എസ് 18/2017/PWD /തീയതി 16.03.2017 | 408 | 2016/7396 കുറവു പരിഹരിച്ച്എസ്റ്റിമേറ്റ് പുനർ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 4 | മേത്തുരുമ്പ ചപ്പാരപ്പടവ് കുറ്റൂർ റോഡ് ബി.എം & ബി.സി ചെയ്യുന്ന പ്രവൃത്തി കി.മി 10/450 മുതൽ 23/285. | ജി.ഒ.എം.എസ് 18/2017/PWD /തീയതി 16.03.2017 | 575 | 2016/7465 കുറവു പരിഹരിച്ച്എസ്റ്റിമേറ്റ് പുനർ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 5 | പയ്യന്നൂർ ചെറുപുഴ റോഡ് കി.മി. 40/500 മുതൽ 45/500 (ബാക്കി ഭാഗം) അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി | ജി.ഒ.എം.എസ് 18/2017/PWD /തീയതി 16.03.2017 | 190 | 2017/633 സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ.